LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലവിഭവ പദ്ധതികൾ

52 [3639] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലവിഭവ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഓരോ പദ്ധതിയും ആരംഭിച്ചതെന്നാണെന്നും പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ലിസ്റ്റ് സഹിതം വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ എത്ര കാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) തിരുവനന്തപുരം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ ഇതുവരെ 41 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 10 എണ്ണം RIDF II (96-97)-ലും, 2 എണ്ണം RIDF IV (98-99)-ലും, 17 എണ്ണം RIDF V (99-2000)-ലും, 8 എണ്ണം RIDF VII (2001-2002)-ലും, 4 എണ്ണം RIDF VIII (2002-03)-ലും ഉൾപ്പെടുന്നു. പദ്ധതിയുടെ പേരും ആരംഭിച്ച വർഷവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതും പൂർത്തീകരിക്കാത്തതുമായ നബാർഡ് പദ്ധതികളൊന്നും തിരുവനന്തപുരം ജില്ലയിലില്ല.

ജലനിധി കെ.ആർ.ഡബ്ല്യു.എസ്.എ. ശുദ്ധജല വിതരണ പദ്ധതി

53 [3640] ശ്രീ. കെ. പി. രാജേന്ദ്രൻ:

" പി. നാരായണൻ:

" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി കെ.ആർ.ഡബ്ല്യു.എസ്.എ. ഉൾപ്പെടെയുള്ള ശുദ്ധജല വിതരണവുമായി ഏതെല്ലാം പദ്ധതികൾക്കാണ് ലോകബാങ്കിൽനിന്നും ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ആർ.ഡബ്ല്യു.എസ്.എ. ജലനിധി ലോകബാങ്കുമായുള്ള കരാറിന്റെ പ്രധാന വ്യവസ്ഥകളും കടം തിരിച്ചടവിന്റെ വിവരങ്ങളും വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.